**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ രാമചന്ദ്രൻ എ, നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം.632/2019/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 15/03/2019**

പരാമർശം:- 1. സ.ഉ(കൈ) നം.140/2018/ത.സ്വ.ഭ.വ തീയതി 29.09.2018.

2. മുഖ്യനഗരാസൂത്രകന്റെ 30.11.2018 ലെ എ 3/9250/2018(2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിദേശത്ത് ജോലിയ്ക്കായി അനുവദിച്ചിരുന്ന ശൂന്യവേതനാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം പ്രോജക്ട് ഡയറക്ടർ തസ്തികയിൽ കൊച്ചി ഗോശ്രീ ഐലന്റ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിയമിക്കപ്പെട്ട ടൗൺ പ്ലാനറായ ശ്രീ രാമചന്ദ്രൻ എ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് നല്കണമെന്ന് പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ രാമചന്ദ്രന് എ നിയമനത്തിനായി കാത്തുനിന്ന 02.07.2018 മുതൽ 30.09.2018 വരെയുള്ള കാലയളവ്, ടിയാൻ ശൂന്യവേതന അവധിയിൽ പ്രവേശിച്ച തീയതിയ്ക്ക് മുമ്പ് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധവും അല്ലാത്തപക്ഷം മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചും കെ.എസ്.ആർ.ഭാഗം 1, അനുബന്ധം XII -A പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിയോടൊപ്പം 1.07.2018 (ഞായർ) പിൻ ചേർത്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രകൻ തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ രാമചന്ദ്രൻ എ, ടൗൺപ്ലാനർ,നഗരഗ്രാമാസൂത്രണ വകുപ്പ്.
(മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ